വർഷം	വകയിരുത്തിയ തുക	അനുവദിക്കപ്പെട്ട തുക
2011-12	...	...
2012-13	10 കോടി രൂപ	0.28 കോടി
2013-14	2 കോടി രൂപ	0.26 കോടി
2014-15	2 കോടി രൂപ	0.12 കോടി രൂപ

(ബി&സി)

വർഷം	വായ്പാ അപേക്ഷകരുടെ എണ്ണം	വായ്പയ്ക്ക് അർഹരായവരുടെ എണ്ണം
2011-12	18	16
2012-13	7	6
2013-14	7	6
2014-15	4	4

വായ്പയ്ക്ക് അർഹരായ എല്ലാവർക്കും വായ്പാതുക നൽകിയിട്ടുണ്ട്.

(ഡി) 2011-12-ൽ പ്രത്യേകം തുക അനുവദിച്ചിരുന്നില്ല എങ്കിലും 51.24 ലക്ഷം രൂപ ലോൺ അനുവദിക്കുകയുണ്ടായി.

വർഷം	പിൻവലിക്കപ്പെടാത്ത തുക
2012-13	9.72 കോടി രൂപ
2013-14	1.74 കോടി രൂപ
2014-15	1.88 കോടി രൂപ

റോഡ് പുനർനിർമ്മാണത്തിനായുള്ള ഭരണാനുമതി

60 (1884) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അഴീക്കോട് നിയോജക മണ്ഡലത്തിലെ പൊടിക്കുണ്ട് - താന റോഡ് പുനർനിർമ്മാണത്തിനായുള്ള ഭരണാനുമതി പുതുക്കി ലഭിക്കുന്നതിനായി ധനകാര്യവകുപ്പിൽ നിലവിലുള്ള ഇ 119865/15 നമ്പർ ഫയലിൽ അന്തിമ തീരുമാനമെടുത്തിട്ടുണ്ടോ ; നാളിതുവരെ എന്ത നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

GPM. 2/240/2020-17

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭരണാനുമതി നൽകിയശേഷം ആവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമായതിനാൽ അക്വിസിഷൻ ചെലവ് വേണ്ടിവരാത്തതുകൊണ്ടാണ് അനുമതി തുകയിൽ കുറവുണ്ടായതെന്നും റിവിഷൻ ആവശ്യമായി വന്നതെന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഭരണാനുമതി ലഭിച്ചതിനുശേഷം സൗജന്യമായി ലഭിച്ച ഭൂമിയിലെ നിർമ്മിതികൾ നീക്കുന്നതിന് 2012-ലെ ഭരണാനുമതി പ്രകാരം ഒരു ലക്ഷത്തിലധികം രൂപ ചെലവഴിച്ചിട്ടുള്ളതിനാൽ ഭരണാനുമതി പുതുക്കി ലഭിക്കാൻ അർഹതയുണ്ടായിട്ടും പ്രസ്തുത ഫയലിൽ കാലതാമസമുണ്ടാകുന്നതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വിഷയത്തിൽ ധനകാര്യവകുപ്പിന്റെ അന്തിമ ഉത്തരവ് എന്നത്തേക്ക് ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ വിഷയം സംബന്ധിച്ച ഫയൽ പരിഗണനയിലാണ്.

(ബി) ഇപ്പോൾ ലഭ്യമാക്കിയിരിക്കുന്ന പുതുക്കിയ ഭരണാനുമതി നിർദ്ദേശത്തിൽ കണ്ണൂർ മുനിസിപ്പാലിറ്റിയിലുള്ള റോഡുഭാഗവും കോട്ടാളിക്കും കക്കാടിനും ഇടയിലുള്ള റോഡുഭാഗവും ഒഴിവാക്കിയതുകൊണ്ടുകൂടിയാണ് എസ്റ്റിമേറ്റ് തുകയിൽ കുറവ് വന്നിട്ടുള്ളത്.

(സി&ഡി) ഈ വിഷയത്തിന്റെ വിവിധ വശങ്ങൾ പരിശോധിച്ച് എത്രയും വേഗം ഫയലിൽ അന്തിമ തീരുമാനം എടുക്കുന്നതാണ്.

ആസ്തി വികസന ഫണ്ടിലെ പ്രൊപ്പോസലുകൾ

61 (1885) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ നിന്നും 2011-12 മുതൽ 2015-16 വരെ വിദ്യാഭ്യാസം, ആരോഗ്യ കുടുംബക്ഷേമം, ജലവിഭവം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിൽ നിന്നും എന്തൊക്കെ പ്രപ്പോസലുകൾ ലഭിച്ചു എന്നും ഓരോ പ്രവൃത്തിയുടേയും പ്രപ്പോസൽ എന്നാണ് ലഭിച്ചതെന്നും വ്യക്തമാക്കുമോ ;

(ബി) എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചു എന്നും ഏതൊക്കെ പ്രവൃത്തി പൂർത്തിയായെന്നും വിശദമാക്കുമോ ;

(സി) ഭരണാനുമതി നൽകാത്ത പ്രപ്പോസലുകളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ; പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly